# പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.568** **27.10.2016 ൽ മറുപടിക്ക്**

## ഇൻക്ലൂസീവ് എജ്യൂക്കേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.രാമചന്ദ്രൻ<br>" മുല്ലക്കര രത്നാകരൻ<br>" കെ.രാജൻ<br>" എൽദോ എബ്രഹാം | പ്രൊഫ സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

എ) ഇൻക്ലൂസീവ് എജ്യൂക്കേഷന്റെ ഭാഗമായി ഭിന്നശേഷിക്കാരായ കുട്ടികളെ ജനറൽ സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കാൻ തുടങ്ങിയതിനു ശേഷം സ്പെഷ്യൽ സ്കൂളുകളിൽ കുട്ടികൾകുറഞ്ഞുവെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ജനറൽ സ്കൂളുകളിൽ ഇത്തരം കുട്ടികൾക്ക് വേണ്ടുന്ന സജ്ജീകരണങ്ങളും പരിഗണനയും ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുമോ;

എ) ഉണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി സർക്കാർ പല നടപടികളും സ്വീകരിച്ചുവരുന്നു. ജനറൽ സ്കൂളുകളിൽ ഇത്തരം കുട്ടികൾക്ക് വേണ്ടുന്ന സജ്ജീകരണങ്ങളും പരിഗണനയും ലഭിക്കുന്നതിനായി പല സ്കൂളുകളിലും റിസോഴ്സ് റൂമുകളും റിസോഴ്സ് സെൻററുകളും ആരംഭിച്ചിട്ടുണ്ട്. 702 റിസോഴ്സ് അദ്ധ്യാപകരെ എം.എച്ച്.ആർ.ഡി ഇൻക്ലൂസീവ് എഡ്യൂക്കേഷന്റെ ഭാഗമായി ജനറൽ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ഒന്നുമുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ബുക്ക് & സ്റ്റേഷനറി അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ്, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ് എന്നിവ നൽകി വരുന്നു. ഇതിനു പുറമെ ഒൻപതു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ അലവൻസും സഹായ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുള്ള സാമ്പത്തിക സഹായവും നൽകി വരുന്നു.

ബി) ബുദ്ധി,ചലന, ശ്രവണ, കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് നൽകുന്ന സംസ്ഥാന സർക്കാരിന്റെ സ്കോളർഷിപ്പ് ഗണ്യമായി വെട്ടിക്കുറച്ചിട്ടുണ്ടോ; പ്രസ്തുത സ്കോളർഷിപ്പ് തുക പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ;

സ്കോളർഷിപ്പുകൾ ഒന്നും തന്നെ വെട്ടിക്കുറച്ചിട്ടില്ല നിലവിലെ സ്ഥിതിതന്നെയാണ് തുടർന്നു വരുന്നത്.

സി) സ്പെഷ്യൽ സ്കൂളുകളിൽ അധികമായ അദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിന് നടപടി ഉണ്ടാകുമോ; വ്യക്തമാകുമോ?

സി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ